# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2279 — 17/06/2014-ൽ മറുപടിക്ക്

## വെറ്ററിനറി സർവ്വകലാശാലയുടെ കൈവശമുള്ള ആദിവാസി ഭൂമി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. വി. ശശി : | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | വെറ്ററിനറി സർവ്വകലാശാലയുടെ കൈവശം ആദിവാസികൾക്ക് വിതരണം ചെയ്യാനുള്ള വനഭൂമി യുണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ ; | എ | വെറ്ററിനറി സർവ്വകലാശാലയുടെ കൈവശം പട്ടികവർഗ്ഗക്കാർക്ക് വിതരണം ചെയ്യാനുള്ള വനഭൂമി ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 21.08.2003 ലെ എഫ്. നം. 816/02/എഫ്.സി. ഉത്തരവ് പ്രകാരവും 06.02.2014 ലെ എഫ്. നം. 8-16/02 എഫ്.സി ഉത്തരവ് പ്രകാരവും 7693.2257 ഹെക്ടർ വനഭൂമി കേരളത്തിൽ ഭൂരഹിത ആദിവാസികൾക്ക് നൽകുന്നതിനായി അനുവദിച്ചിട്ടുണ്ട്. ടി വനഭൂമിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ കൈവശമുള്ള 40 ഹെക്ടർ ഭൂമിയും ഉൾപ്പെടുന്നു. |
| ബി | ഇത് സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ട് ആവശ്യ പ്പെട്ടിട്ടുണ്ടോ; എങ്കിൽ സാരാംശം വ്യക്തമാക്കുമോ; | ബി | ഇതു സംബന്ധിച്ച് ശ്രീ. ടോണി തോമസ് (ഡയറക്ടർ, ലീഗൽസെൽ ഓൺ എർത്ത് ഓൺലൈൻ) ബഹു. സെക്രട്ടറി മിനിസ്ട്രി ഓഫ് എൻവയോൺമെന്റ് & ഫോറസ്റ്റ് ഡവലപ്മെന്റ് ഇൻഡ്യയ്ക്ക് സമർപ്പിച്ച നിവേദനം 07.11.2013 ലെ എഫ്. നം. 11/464/13 എഫ്.സി പ്രകാരം കേരള സർക്കാർ മുഖേന അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററോട് (എസ്.എ &എൽ.ഒ) റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി | കേന്ദ്രത്തിന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉള്ളടക്കം വ്യക്തമാക്കാമോ; | സി | ഇല്ല. |

സെക്ഷൻ ഓഫീസർ